LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം , വിജിലൻസ് കേസുകൾ

197 (202) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ക്രൈം കേസുകളും വിജിലൻസ് കേസുകളും ക്രൈംബ്രാഞ്ച് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് 22,03,451 ക്രൈം കേസുകളും (Total FIR), 607 വിജിലൻസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* ഇതിനുപുറമെ തിരുവനന്തപുരം ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് 288 കേസുകളും, പട്ടം സൈബർ പോലീസ് സ്റ്റേഷനിൽ 126 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മേപ്പയ്യൂർ സലഫി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസ് കത്തിച്ച സംഭവം

198 (203) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയ്യൂർ സലഫി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസ് കത്തിച്ച സംഭവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേസിൽ എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അവരുടെ പേര് വിവരവും വ്യക്തമാക്കുമോ ;

(സി) പ്രതികളിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവരുടെ പേര് വിവരവും അറിയിക്കുമോ ;

(ഡി) കേസുമായി ബന്ധപ്പെട്ട കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ ;

(ഇ) കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) കേസിൽ രണ്ട് പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. 2 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.